**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 63** | **10-08-2023 - ൽ മറുപടിയ്ക്ക്**

**ട്രേസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും<br>ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കളുടെ മികച്ച ഭാവിയ്ക്കായി രൂപം നൽകിയ ട്രേസ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായവരെ സർക്കാർ സംവിധാനത്തിൽ തൊഴിൽ പരിശീലനത്തിനും നൈപുണ്യ വികസനത്തിനുമായി ഹോണറേറിയം നൽകി വിവിധ വകുപ്പുകൾക്ക് കീഴിൽ 2 വർഷ കാലയളവിലേക്ക് നിയമിക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ട്രേസ്.(ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്) |
| (ബി) | ഇതുവരെയായി എത്ര പേർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി മാറിയെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിൽ നിന്നും 500 എഞ്ചിനിയറിംഗ് ഉദ്യോഗാർത്ഥികൾക്ക് അക്രഡിറ്റഡ് എഞ്ചിനീയർ നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 114 MSW ബിരുദധാരികൾക്ക് സോഷ്യൽ വർക്കർമാരായും, 380 ബിരുദധാരികൾക്ക് അപ്രന്റീസ് ക്ലർക്കുമാരായും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമനം നൽകിയിട്ടുണ്ട്. 87 നിയമ ബിരുദധാരികളെ ഹോണറേറിയം വ്യവസ്ഥയിൽ ലീഗൽ അസിസ്റ്റന്റ് തസ്തികയിലും നിയമിച്ചു. ഇതിന് പുറമേ 140 മാനേജ്മെന്റ് ട്രെയിനീസ്, 49 സ്റ്റുഡന്റ്സ് കൗൺസിലർമാർ, 326 മെന്റർ ടീച്ചർമാരെയും നിയമിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. നഴ്സിംഗ്, പാരാമെഡിക്കൽ, സ്കൂൾ-കോളേജ് അധ്യാപക യോഗ്യതയുള്ളവർക്ക് അതാത് മേഖലകളിലും ഐ.ടി.ഐ/ഡിപ്ലോമ യോഗ്യത നേടിയവർക്ക് കെ.എസ്.ഇ.ബി-യിലും കെ.എസ്.ആർ.ടി.സിയിലും ജെ.ഡി.സി/എച്ച്.ഡി.സി വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് സഹകരണ സംഘങ്ങളിലും സഹകരണ വകുപ്പിന്റെ ഓഫീസുകളിലും തൊഴിലവസരങ്ങൾ ഒരുക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇത്തരത്തിൽ വിവിധ |

| | | | |
|---|---|---|---|
| | | | മേഖലകളിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവരുടെ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ പരിശീലനവും പിന്തുണയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് Training for Career Excellence (TRACE) എന്ന പേരിൽ പദ്ധതി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്നത്. |

സെക്ഷൻ ഓഫീസർ